LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വനങ്ങളിലേയ്ക്ക് ദേശവിരുദ്ധശക്തികൾ നുഴഞ്ഞ് കയറുന്നത് തടയാൻ നടപടി

113 (4465) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനങ്ങളിലേക്ക് ദേശവിരുദ്ധശക്തികൾ നുഴഞ്ഞുകയ റാൻ സാധ്യതയുണ്ടെന്ന കേന്ദ്രഗവൺമെന്റിന്റെ മുന്നറിയിപ്പിനെ തുടർന്ന് ഇതി നെതിരെ ജാഗ്രത പുലർത്തുന്നതിന് വനംവകുപ്പും ആഭ്യന്തരവകുപ്പും സംയുക്തമായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) വനമേഖല നിരീക്ഷിക്കുന്നതിന് പ്രത്യേക നിരീക്ഷണ സംഘത്തെ നിയോഗിക്കുമോ ;

(സി) വനത്തിനുള്ളിലെ കള്ളവാറ്റും കഞ്ചാവുകൃഷിയും തടയുന്നതിന് നടപടികൾ ശക്തിപ്പെടുത്തുമോ ;

(ഡി) വനംവകുപ്പ് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയിൽ കാലാ നുസൃതമായ മാറ്റം വരുത്തുമോ ?

ഉത്തരം

(എ) ദേശവിരുദ്ധ ശക്തികളേയും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെയും തടഞ്ഞ് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് ശക്തമായ നിർദ്ദേശം ഫീൽഡ് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ റെയിഞ്ച്തലത്തിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. വനത്തിനുള്ളിലും സമീപത്തുമുള്ള വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടി സമിതികളിൽ അതാതു പ്രദേശങ്ങളിലെ റവന്യൂ, പോലീസ്, പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തവും ഉറപ്പാക്കുന്നതാണ്.

(ബി) വനമേഖല നിരീക്ഷിക്കുന്നതിന് വനമേഖലാ ജാഗ്രതാ സമിതിയിലെ അംഗങ്ങളെയും ഒപ്പം വനം ഉദ്യോഗസ്ഥരെയും നിയോഗിക്കുന്ന താണ്.

(സി) വനത്തിനുള്ളിലെ കള്ളവാറ്റും കഞ്ചാവുകൃഷിയും തടയുന്നതിന് നിലവിലുള്ള വനസംരക്ഷണ വിഭാഗം ജീവനക്കാരെയും വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെയും, സംരക്ഷണ വാച്ചർമാരെയും ഉൾപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വനം വകുപ്പ്, എക്സൈസ്, പോലീസ് വകുപ്പുമായി സംയോജിച്ചുകൊണ്ട് റെയിഡു കളും നടത്തിവരുന്നു.

(ഡി) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.